**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **28-07-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പഠന മുറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പഠന മുറി നിർമ്മാണത്തിന് അനുവദിക്കുന്ന തുകയിൽ ഈ വിഭാഗങ്ങളുടെ സാമ്പത്തിക പശ്ചാത്തലം കണക്കിലെടുക്കാതെ അവസാന ഗഡുവായ എഴുപത്തിയയ്യായിരം രൂപ അനുവദിക്കുന്നതിന് മുൻകൂറായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണം എന്ന വ്യവസ്ഥ കാരണം പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കാനാകാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 4 ലക്ഷം രൂപ, 6 ലക്ഷം രൂപ നിരക്കിലുള്ള ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിന് അവസാന ഗഡു ഉൾപ്പെടെ ഒരു ഘട്ടത്തിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ വേണ്ടെന്നിരിക്കെ,കേവലം രണ്ട് ലക്ഷം രൂപ നിരക്കിലുള്ള പഠനമുറി നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ആദ്യ ഗഡുവിനെ തുടർന്നുള്ള രണ്ട് ഘട്ടങ്ങളിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലേ പിന്നീടുള്ള രണ്ട് ഗഡു തുകകൾ അനുവദിക്കൂ എന്ന് സർക്കാർ 28/01/2020 ലെ 221/2020/തസ്വഭവ. ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ? | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 50,000/- രൂപ ആദ്യ ഗഡുവായും ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ടു ഗഡുക്കളായി നൽകാവുന്നതാണ് എന്നും ആദ്യ ഗഡുവിനുള്ള നിർമ്മാണം നടത്തിയതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവും പഠനമുറി പൂർത്തിയായി അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75,000 രൂപയിൽ നിന്നും അർഹതപ്പെട്ട തുകയും അനുവദിക്കാവുന്നതാണെന്നും 28.01.2020 ലെ സ.ഉ.(സാധാ) നം. 221/2020/തസ്വഭവ ഉത്തരവ് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിലെ ഓരോ ഘട്ടവും പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറിയുടെ നിർമ്മാണം നിലവിലെ വീടിനോട് ചേർന്നുള്ള ഒരു പ്രത്യേക നിർമ്മിതി ആയതിനാലാണ് അതിന്റെ ധനസഹായ വിതരണത്തിന് നിശ്ചിത വാല്യുവേഷൻ നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ